**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **29-07-2021 - ൽ മറുപടിയ്ക്ക്**

**ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത് എന്ന് വിശദമാക്കാമോ; | (എ) | നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് സ.ഉ(അ) നം. 119/2018/ധന തീയതി 04/08/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017, സ.ഉ.(അ) നം. 156/2019/ധന. തീയതി 15.11.2019 എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ കെട്ടിട നിർമ്മാണം, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/ കളിസ്ഥല നിർമ്മാണം, സ്കൂൾ ചുറ്റമതിൽ നിർമ്മാണം എന്നിവയ്ക്ക് ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്/ സർക്കാർ ധനസഹായമായി നല്കുന്ന തുക വിനിയോഗിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി വിനിയോഗിക്കാവുന്ന പരമാവധി തുക, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ? | (ബി) | സ.ഉ(അച്ചടി) നം. 119/2018/ധന തീയതി 04/08/2018 പ്രകാരം എയ്ഡഡ് സ്കൂളുകളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയ്ക്കുള്ള ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപായായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. |

സെക്ഷൻ ഓഫീസർ